Malappuram District Police

**02.09.2017 വണ്ടൂർ**

എടവണ്ണയിൽ റിട്ട. എസ്ഐയെയും കുടുംബത്തെയും വീട്ടിൽ കയറി ആക്രമിച്ച സംഭവത്തിൽ കാട്ടേഷൻ സംഘത്തിൽ ഉൾപ്പെട്ട നാലുപേരെക്കൂടി അറസ്റ്റ് ചെയ്തു. ആലുവ തോട്ടുമുഖം കരിയമ്പുറത്ത് മനാഫ് (26), ഉളിയന്നൂർ മാങ്ങാട് സുധീർ (40), പാതായ്ക്കുളം മില്ലുംപടി കളിയാട്ട് നജീബ് (40), കൈപ്പട്ടൂർ പൂത്തേടത്ത് ബെന്നി (24) എന്നിവരാണ് അറസ്റ്റിലായത്. സംഭവത്തിൽ വേങ്ങര ചെറിയപുറമാട് ഉഷസിൽ കൊളപ്പുറത്ത് വെണ്ണേക്കോട് സജീഷ് (38) നേരത്തേ അറസ്റ്റിലായിരുന്നു. കഴിഞ്ഞ മാസം നാലിനു രാത്രിയാണ് എടവണ്ണ റിട്ട. എസ്ഐ വടക്കൻ മുഹമ്മദിനെയും കുടുംബത്തെയും കാറിൽ എത്തിയ സംഘം ആക്രമിച്ചത്. തലയ്ക്കു പിന്നിൽ വടിവാൾകൊണ്ടു വെട്ടേറ്റ മുഹമ്മദിനെ മഞ്ചേരി മെഡിക്കൽ കോളജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചിരുന്നു. മുഹമ്മദിന്റെ മകൻ സഹീർ ഗൾഫിൽ നടത്തിയിരുന്ന സ്ഥാപനത്തിനുവേണ്ടി പലിശയ്ക്കു പണം വാങ്ങിയതുമായി ബന്ധപ്പെട്ട തർക്കമാണ് ആക്രമണത്തിൽ കലാശിച്ചത്. പലിശ സംഘത്തിന്റെ ഭീഷണിയെ തുടർന്നു സഹീർ നാട്ടിലേക്ക് പോന്നിട്ടും ഭീഷണി തുടർന്നുവെന്നും സംഭവം അറിഞ്ഞു പിതാവ് മുഹമ്മദ് പണം തിരിച്ചുനൽകിയെങ്കിലും കൂടുതൽ തുക ആവശ്യപ്പെട്ടാണു വീട്ടിലെത്തി മർദിച്ചതെന്നും അറിവായിട്ടുണ്ട്. അറസ്റ്റിലായവരെ മഞ്ചേരി കോടതിയിൽ ഹാജരാക്കി റിമാൻഡ് ചെയ്തു.